## മധുരമായ കുട്ടികളെ – അതിരാവിലെ എഴുന്നേറ്റ് ബാബയോട് മധുരമായി ആത്മീയ സംഭാഷണം നടത്തൂ, ബാബ നൽകുന്ന പഠിപ്പിനെ അയവിറക്കികൊണ്ടിരിക്കൂ.

**ചോദ്യം –** മുഴുവൻ ദിവസവും സന്തോഷത്തിലിരിക്കുന്നതിന് ഏതൊരു യുക്തിയാണ് രചിക്കേണ്ടത്?
**ഉത്തരം –** ദിവസവും അമൃതവേളയിൽ എഴുന്നേറ്റ് ജ്ഞാനത്തിന്റെ കാര്യങ്ങളിൽ ആനന്ദിക്കൂ. സ്വയം സ്വയത്തോട് സംസാരിക്കൂ. മുഴുവൻ ഡ്രാമയുടെയും ആദി, മധ്യ, അന്ത്യത്തെ കുറിച്ച് സ്മരിക്കൂ, ബാബയെ ഓർമ്മിക്കൂ എങ്കിൽ മുഴുവൻ ദിവസവും സന്തോഷത്തിൽ കഴിയാം. വിദ്യാർത്ഥികൾ തങ്ങളുടെ പഠിപ്പിന്റെ റിഹേഴ്സൽ ചെയ്യുന്നു. നിങ്ങൾ കുട്ടികളും തന്റെ റിഹേഴ്സൽ നടത്തൂ.

**ഗീതം –** മനുഷ്യൻ ഇന്ന് ഇരുട്ടിലാണ്.......

**ഓം ശാന്തി**. മധുര മധുരമായ കളഞ്ഞു പോയി തിരികെ കിട്ടിയ കുട്ടികൾ ഗീതം കേട്ടുവല്ലോ. നിങ്ങൾ ഭഗവാന്റെ കുട്ടികളല്ലേ. ഭഗവാൻ നമുക്ക് വഴി കാണിച്ചു തന്നുകൊണ്ടിരിക്കുകയാണെന്ന് നിങ്ങൾ മനസ്സിലാക്കി. ഞങ്ങൾ ഇരുട്ടിലാണെന്ന് പറഞ്ഞ് അവർ വിളിച്ചുകൊണ്ടിരിക്കുകയാണ് കാരണം ഭക്തിമാർഗം അന്ധകാരത്തിന്റേത് തന്നെയാണ്. ഞങ്ങൾ അങ്ങയെ കാണുന്നതിന് വേണ്ടി അലഞ്ഞുകൊണ്ടിരിക്കുകയാണ് എന്ന് ഭക്തർ പറയുന്നു. ഇടയ്ക്ക് തീർത്ഥസ്ഥാനങ്ങളിൽ, ഇടയ്ക്ക് ദാന – പുണ്യം ചെയ്ത്, മന്ത്രം ജപിക്കുന്നു. അനേക പ്രകാരത്തിലുള്ള മന്ത്രങ്ങൾ നൽകുന്നു എന്നിട്ടും ഞങ്ങൾ ഇരുട്ടിലാണെന്ന് ചിലർ മനസ്സിലാക്കുന്നില്ല. വെളിച്ചം എന്ത് വസ്തുവാണ് – ഒന്നും തന്നെ മനസ്സിലാക്കുന്നില്ല, കാരണം ഇരുട്ടിലാണ്. ഇപ്പോൾ നിങ്ങൾ ഇരുട്ടിലല്ല. നിങ്ങളാണ് വൃക്ഷത്തിൽ ആദ്യമാദ്യം വരുന്നത്. പുതിയ ലോകത്തു പോയി രാജ്യം ഭരിക്കുന്നു, പിന്നീട് പടികൾ ഇറങ്ങുന്നു. ഇതിന്റെ ഇടയ്ക്ക് ഇസ്ലാമി, ബൗദ്ധി, ക്രിസ്ത്യൻ എന്നിവർ വരുന്നു. ഇപ്പോൾ ബാബ വീണ്ടും തൈ നട്ടുകൊണ്ടിരിക്കുകയാണ്. അതിരാവിലെ എഴുന്നേറ്റ് ഇങ്ങനെയിങ്ങനെ ജ്ഞാനത്തിന്റെ കാര്യങ്ങളിൽ ആനന്ദിക്കണം. ഇത് വളരെ അത്ഭുതകരമായ നാടകമാണ്, ഈ നാടകത്തിന്റെ ഫിലിം റീലിന്റെ കാലാവധി 5000 വർഷമാണ്. സത്യയുഗത്തിന്റെ ആയുസ്സിത്ര, ത്രേതായുടെ ആയുസ്സിത്ര.... ബാബയിൽ ഈ മുഴുവൻ ജ്ഞാനവുമുണ്ടല്ലോ. ലോകത്ത് വേറെ ആർക്കും ഇതറിയുകയില്ല. അതിനാൽ കുട്ടികൾക്ക് അതിരാവിലെ എഴുന്നേറ്റ് സന്തോഷത്തോടുകൂടി ബാബയെ ഓർമ്മിക്കുകയും ജ്ഞാനത്തെ സ്മരിക്കുകയും വേണം. ഇപ്പോൾ നമ്മൾ മുഴുവൻ ഡ്രാമയുടെയും ആദി, മധ്യ, അന്ത്യത്തെക്കുറിച്ച് അറിഞ്ഞു. കല്പത്തിന്റെ ആയുസ്സ് തന്നെ 5000 വർഷമാണെന്ന് ബാബ പറയുന്നു. ലക്ഷം വർഷമെന്ന് മനുഷ്യർ പറയുന്നു. ബാബ എന്ത് പഠിപ്പാണോ നൽകുന്നത് അതിനെ വീണ്ടും അയവിറക്കണം, റിഹേഴ്സൽ നടത്തണം. വിദ്യാർത്ഥികൾ പഠിപ്പിനെ റിഹേഴ്സൽ ചെയ്യാറുണ്ടല്ലോ.
നിങ്ങൾ മധുര മധുരമായ കുട്ടികൾ ഡ്രാമയുടെ മുഴുവൻ രഹസ്യത്തെയും മനസ്സിലാക്കി. ഇത് അനാദി, അവിനാശിയായ ഡ്രാമയാണെന്ന് വളരെ സഹജമായ രീതിയിൽ ബാബ മനസ്സിലാക്കി തരുന്നു. ഇതിൽ ജയിക്കുന്നു പിന്നീട് തോൽക്കുകയും ചെയ്യുന്നു. ഇപ്പോൾ ചക്രം പൂർത്തിയായി, ഇപ്പോൾ നമുക്ക് വീട്ടിലേയ്ക്ക് പോകണം. ബാബയുടെ നിർദ്ദേശം ലഭിച്ചിരിക്കുന്നു എന്നെ ഓർമ്മിക്കൂ. ഈ ഡ്രാമയുടെ ജ്ഞാനം ഒരു ബാബ മാത്രമാണ് നൽകുന്നത്. നാടകം ഒരിക്കലും ലക്ഷക്കണക്കിന് വർഷമൊന്നും ഉണ്ടാകുന്നില്ല. ആർക്കും തന്നെ ഓർമ്മിക്കാൻ സാധിക്കില്ല. 5000 വർഷത്തിന്റെ ചക്രമാണ് ഇതെല്ലാം നിങ്ങളുടെ ബുദ്ധിയിലുണ്ട്. ജയത്തിന്റെയും തോൽവിയുടെയും വളരെ നല്ല കളിയാണ്. അതിരാവിലെ എഴുന്നേറ്റ് ഇങ്ങനെയുള്ള ചിന്ത നടക്കണം. ബാബ നമുക്ക് രാവണനിൽ നിന്നും വിജയം നേടി തരുന്നു അതിരാവിലെ എഴുന്നേറ്റ് ഇങ്ങനെയുള്ള കാര്യങ്ങൾ സ്വയത്തോട് സംസാരിക്കുകയാണെങ്കിൽ ശീലമായി മാറും. ഈ പരിധിയില്ലാത്ത നാടകം വേറെ ആർക്കും അറിയുകയില്ല. അഭിനേതാവായിട്ടുകൂടി ആദി, മധ്യ, അന്ത്യത്തെക്കുറിച്ച് അറിയുന്നില്ല. ഇപ്പോൾ നമ്മൾ ബാബയിലൂടെ യോഗ്യതയുള്ളവരായി മാറികൊണ്ടിരിക്കുന്നു.
ബാബ തന്റെ കുട്ടികളെ തനിക്കു സമാനം ആക്കുന്നു. തനിക്കു സമാനം മാത്രമല്ല, ബാബ തന്റെ കുട്ടികളെ തന്റെ തോളിൽ കയറ്റിയിരുത്തുന്നു. ബാബയ്ക്ക് കുട്ടികളോട് വളരെയധികം സ്നേഹമുണ്ട്. മധുര മധുരമായ കുട്ടികളെ, ഞാൻ നിങ്ങളെ വിശ്വത്തിന്റെ അധികാരിയാക്കി മാറ്റുന്നുവെന്ന് വളരെ നല്ല രീതിയിൽ മനസ്സിലാക്കി തരുന്നു. ഞാൻ ആകുന്നില്ല, നിങ്ങൾ കുട്ടികളെയാണ് ആക്കുന്നത്. നിങ്ങൾ കുട്ടികളെ പുഷ്പമാക്കി മാറ്റി പിന്നീട് ടീച്ചറായി മാറി പഠിപ്പിക്കുന്നു. പിന്നീട് സദ്ഗതി നൽകുന്നതിന് വേണ്ടി ജ്ഞാനം നൽകി നിങ്ങളെ ശാന്തിധാം, സുഖധാമിന്റെ അധികാരിയാക്കി മാറ്റുന്നു. ഞാനാണെങ്കിൽ നിർവാണധാമത്തിൽ ഇരിക്കുന്നു. ലൗകിക അച്ഛനും പരിശ്രമിച്ച്, ധനം ശേഖരിച്ച് എല്ലാം കുട്ടികൾക്ക് നൽകി സ്വയം

വാനപ്രസ്ഥത്തിലേയ്ക്ക് പോയി ഭജന മുതലായവ ചെയ്യുന്നു. പക്ഷെ ഇവിടെയാണെങ്കിൽ ബാബ പറയുന്നു അഥവാ വാനപ്രസ്ഥ അവസ്ഥയാണെങ്കിൽ കുട്ടികൾക്ക് മനസ്സിലാക്കി കൊടുത്ത് നിങ്ങൾ ഈ സർവ്വീസിൽ മുഴുകണം. പിന്നീട് ഗൃഹസ്ഥ വ്യവഹാരത്തിൽ കുടുങ്ങരുത്. നിങ്ങൾ തന്റെയും മറ്റുള്ളവരുടെയും മംഗളം ചെയ്തുകൊണ്ടിരിക്കൂ. ഇപ്പോൾ നിങ്ങളെല്ലാവരുടെയും വാനപ്രസ്ഥ അവസ്ഥയാണ്. ബാബ പറയുന്നു നിങ്ങളെ ശബ്ദത്തിനുപരിയിലേയ്ക്ക് കൂട്ടികൊണ്ടു പോകുന്നതിന് വേണ്ടി ഞാൻ വന്നിരിക്കുന്നു. അപവിത്ര ആത്മാക്കൾക്ക് പോകാൻ സാധിക്കുകയില്ല. ബാബയിത് സന്മുഖത്ത് മനസ്സിലാക്കി തന്നുകൊണ്ടിരിക്കുന്നു. സന്മുഖത്തിലാണ് രസമുള്ളത്. അവിടെയാണെങ്കിൽ പിന്നീട് കുട്ടികളിരുന്ന് കേൾപ്പിക്കുകയാണ്. ബാബയിവിടെ സന്മുഖത്തുള്ളതുകൊണ്ടാണല്ലോ മധുബന് മഹിമയുള്ളത്. അതിനാൽ ബാബ പറയുന്നു അതിരാവിലെ എഴുന്നേൽക്കാനുള്ള ശീലമുണ്ടാക്കൂ. മനുഷ്യർ ഭക്തിയും അതിരാവിലെ എഴുന്നേറ്റാണ് ചെയ്യുന്നത് പക്ഷെ അതിലൂടെ സമ്പത്തൊന്നും ലഭിക്കുന്നില്ല, രചയിതാവായ ബാബയിലൂടെയാണ് സമ്പത്ത് ലഭിക്കുന്നത്. ഒരിക്കലും രചനയിൽ നിന്നും സമ്പത്ത് ലഭിക്കുകയില്ല അതുകൊണ്ടാണ് പറയുന്നത് നമ്മൾ രചയിതാവിന്റെയും രചനയുടെയും ആദി, മധ്യ, അന്ത്യത്തെക്കുറിച്ച് അറിയുന്നില്ല. അഥവാ അവർ അറിയുകയാണെങ്കിൽ അത് പരമ്പരയായി ഉണ്ടാകും. കുട്ടികൾക്ക് ഇതും മനസ്സിലാക്കി കൊടുക്കണം നമ്മൾ ഇത്രയും നല്ല ശ്രേഷ്ഠ ധർമ്മത്തിലുള്ളവരായിരുന്നു പിന്നീട് എങ്ങനെയാണ് നമ്മൾ ധർമ്മ ഭ്രഷ്ടരും കർമ്മ ഭ്രഷ്ടരുമായത്. മായ ഗോദ്റേജിന്റെ പൂട്ട് കൊണ്ട് ബുദ്ധിയെ പൂട്ടിയിരിക്കുകയാണ് അതുകൊണ്ട് ഭഗവാനെ പറയുന്നു അങ്ങ് ബുദ്ധിവാൻമാരുടെ ബുദ്ധിയാണ്, ഇവരുടെ ബുദ്ധിയുടെ പൂട്ട് തുറക്കൂ. ഇപ്പോഴാണെങ്കിൽ ബാബ സന്മുഖത്ത് മനസ്സിലാക്കി തന്നു കൊണ്ടിരിക്കുന്നു. ഞാൻ ജ്ഞാന സാഗരമാണ്, നിങ്ങൾക്ക് ഇദ്ദേഹത്തിലൂടെ മനസ്സിലാക്കി തരുന്നു. ഏത് ജ്ഞാനം? ഒരു മനുഷ്യനും നൽകാൻ കഴിയാത്ത ഈ സൃഷ്ടിയുടെ ആദി, മധ്യ, അന്ത്യത്തിന്റെ ജ്ഞാനം.

ബാബ പറയുന്നു, സത്സംഗം മുതലായവയിൽ പോകുന്നതിനേക്കാൾ ഭേദം സ്ക്കൂളിൽ പോയി പഠിക്കുന്നതാണ്. പഠിപ്പ് വരുമാന മാർഗമാണ്. സത്സംഗങ്ങളിൽ നിന്ന് ഒന്നും തന്നെ ലഭിക്കുന്നില്ല. ദാന–പുണ്യം ചെയ്യൂ, ഇത് ചെയ്യൂ, സമ്മാനം നൽകൂ, ചിലവ് തന്നെ ചിലവ്. പൈസയും വെച്ചോളൂ, ശിരസ്സും കുനിച്ചോളൂ, ചെരിപ്പും തേഞ്ഞ് പോകുന്നു. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ഏത് ജ്ഞാനമാണോ ലഭിച്ചുകൊണ്ടിരിക്കുന്നത്, അതിനെ ഓർമ്മിക്കുന്നതിന്റെ ശീലം കൊണ്ടുവരൂ മറ്റുള്ളവർക്കും മനസ്സിലാക്കി കൊടുക്കണം. ബാബ പറയുന്നു ഇപ്പോൾ നിങ്ങളുടെ ആത്മാവിന് ബൃഹസ്പതി ദശയാണ്. വൃക്ഷപതിയായ ഭഗവാൻ നിങ്ങളെ പഠിപ്പിച്ചുകൊണ്ടിരിക്കുകയാണ്, നിങ്ങൾക്ക് വളരെയധികം സന്തോഷമുണ്ടായിരിക്കണം. ഭഗവാൻ നമ്മളെ പഠിപ്പിച്ച് ഭഗവാനും ഭഗവതിയുമാക്കി മാറ്റുന്നു, ഹായ്! ഇങ്ങനെയുള്ള ബാബയെ എത്രത്തോളം ഓർമ്മിക്കുന്നുവോ അത്രത്തോളം വികർമ്മം വിനാശമാകും. ഇങ്ങനെയിങ്ങനെയുള്ള വിചാര സാഗര മഥനം ചെയ്യുന്നതിനുള്ള ശീലം ഉണ്ടാക്കണം. ദാദ നമുക്ക് ഈ ബാബയിലൂടെ സമ്പത്ത് നൽകികൊണ്ടിരിക്കുന്നു. പറയുന്നു– ഞാൻ ഈ രഥത്തിന്റെ ആധാരം എടുക്കുന്നു. നിങ്ങൾക്ക് ജ്ഞാനം ലഭിച്ചുകൊണ്ടിരിക്കുകയാണല്ലോ. ജ്ഞാനഗംഗകൾ ജ്ഞാനം കേൾപ്പിച്ച് പവിത്രമാക്കി മാറ്റുന്നു ഗംഗാ ജലമാണോ? ഇപ്പോൾ ബാബ പറയുന്നു – കുട്ടികളെ, നിങ്ങൾ ഭാരതത്തിന്റെ സത്യം സത്യമായ സേവനം ചെയ്യുകയാണ്. ആ സാമൂഹിക സേവകരാണെങ്കിൽ പരിധിയുള്ള സേവനമാണ് ചെയ്യുന്നത്. ഇത് സത്യമായ ആത്മീയ സേവനമാണ്. ഭഗവാനുവാച ബാബ പറയുന്നു, ഭഗവാൻ പുനർജന്മ രഹിതനാണ്. ശ്രീ കൃഷ്ണൻ പൂർണ്ണമായും 84 ജന്മങ്ങൾ എടുക്കുന്നുണ്ട്. ഗീതയിൽ കൃഷ്ണന്റെ പേര് വെച്ചിരിക്കുന്നു. നാരായണന്റെ പേര് എന്തുകൊണ്ട് വെച്ചില്ല? കൃഷ്ണൻ തന്നെയാണ് നാരായണനായി മാറുന്നതെന്ന് ആർക്കും അറിയില്ല. ശ്രീ കൃഷ്ണൻ രാജകുമാരനായിരുന്നു പിന്നീട് രാധയുമായി സ്വയംവരം ഉണ്ടായി. ഇപ്പോൾ നിങ്ങൾ കുട്ടികൾക്ക് ജ്ഞാനം ലഭിച്ചിരിക്കുന്നു. നമ്മേ പഠിപ്പിക്കുന്നത് ശിവബാബയാണെന്ന് മനസ്സിലാക്കി. അദ്ദേഹം അച്ഛനുമാണ്, ടീച്ചറും, സദ്ഗുരുവുമാണ്. സദ്ഗതി നൽകുന്നു. ശിവൻ തന്നെയാണ് ഉയർന്നതിലും ഉയർന്ന ഭഗവാൻ. എന്റെ നിന്ദ ചെയ്യുന്നവർക്ക് ഉയർന്ന പദവി നേടാൻ കഴിയില്ല എന്നദ്ദേഹം പറയുന്നു. കുട്ടികൾ അഥവാ പഠിക്കുന്നില്ലെങ്കിൽ അദ്ധ്യാപകന്റെ മാനം ഇല്ലാതാകുന്നു. നിങ്ങൾ എന്റെ മാനം നഷ്ടപ്പെടുത്തരുതെന്ന് ബാബ പറയുന്നു. പഠിച്ചുകൊണ്ടിരിക്കൂ. ലക്ഷ്യവും മുന്നിൽ നിൽക്കുകയാണ്. ആ ഗുരുജനങ്ങൾ അവരെക്കുറിച്ചാണ് പറയുന്നത്, അതു കാരണം മനുഷ്യർ ഭയക്കുന്നു. ഏതെങ്കിലും ശാപം കിട്ടരുതെന്ന് മനസ്സിലാക്കുന്നു. ഗുരുവിൽ നിന്ന് കിട്ടുന്ന മന്ത്രം തന്നെ കേട്ടുകൊണ്ടിരിക്കുന്നു. സന്യാസിമാരോട് ചോദിക്കണം നിങ്ങൾ എന്തിനാണ് വീട് ഉപേക്ഷിച്ചത്? ഈ ലൗകികകാര്യങ്ങൾ ചോദിക്കരുതെന്ന് പറയുന്നു. ഹേയ്, എന്തുകൊണ്ടാണ് പറയാത്തത്? ഞങ്ങൾക്കെങ്ങനെയറിയാം നിങ്ങളാരാണെന്ന്? തീഷ്ണമായ ബുദ്ധിയുള്ളവർ ഇങ്ങനെയുള്ള കാര്യങ്ങൾ ചോദിക്കുന്നു. അജ്ഞാനകാലത്തിൽ ചിലർക്ക് ലഹരിയുണ്ടാകുന്നു. സ്വാമി രാമതീർത്ഥന്റെ വിശേഷ ശിഷ്യൻ സ്വാമി നാരായണനായിരുന്നു. അദ്ദേഹത്തിന്റെ പുസ്തകങ്ങളെല്ലാം ബ്രഹ്മാബാബ പഠിച്ചിട്ടുണ്ട്. ബാബയ്ക്ക് ഇതെല്ലാം പഠിക്കാനുള്ള താല്പര്യമുണ്ടായിരുന്നു. ചെറുപ്പത്തിൽ വൈരാഗ്യം വന്നിരുന്നു. പിന്നീട് ഒരു തവണ സിനിമ

കണ്ടു, മനസ്സ് മോശമാകുന്നു. സന്യാസത്ത്വം മാറുന്നു. അതിനാൽ ബാബയിപ്പോൾ മനസ്സിലാക്കി തരുന്നു ആ എല്ലാ ഗുരുക്കന്മാരും ഭക്തിമാർഗ്ഗത്തിലുള്ളതാണ്. സർവ്വരുടെയും സദ്ഗതി ദാതാവ് ഒരേയൊരാൾ മാത്രമാണ്, അദ്ദേഹത്തെയാണ് എല്ലാവരും ഓർമ്മിക്കുന്നത്. പാടുന്നുമുണ്ട് എന്റേത് ഒരേയൊരു ഗിരിധര ഗോപാലനാണ് രണ്ടാമതൊരാളില്ല. ഗിരിധരനെന്ന് കൃഷ്ണനെയാണ് പറയുന്നത്. വാസ്തവത്തിൽ ഈ ഗ്ലാനി അനുഭവിക്കുന്നത് ഈ ബ്രഹ്മാവാണ്. കൃഷ്ണന്റെ ആത്മാവ് ഗ്രാമത്തിന്റെ ബാലൻ എപ്പോഴാണോ തമോപ്രധാനമാകുന്നത് അപ്പോഴാണ് ഗ്ലാനി അനുഭവിക്കുന്നത്. യഥാർത്ഥത്തിൽ കൃഷ്ണന്റെ ആത്മാവ് ഇത് തന്നെയല്ലേ. ഗ്രാമത്തിൽ പാലിക്കപ്പെട്ടതാണ്. വഴിപോക്കനായ ബ്രാഹ്മണൻ കുടുങ്ങി അർത്ഥം ബാബ പ്രവേശിച്ചു, വളരെയധികം ഗ്ലാനി അനുഭവിച്ചു. അമേരിക്ക വരെയ്ക്കും ശബ്ദം എത്തി. അത്ഭുതകരമായ ഡ്രാമയാണ്. ഇപ്പോൾ നിങ്ങൾക്ക് അറിയുമ്പോൾ സന്തോഷമുണ്ടാകുന്നു. ഇപ്പോൾ ബാബ മനസ്സിലാക്കി തരുന്നു ഈ ചക്രം കറക്കുന്നതെങ്ങനെയാണ്? നമ്മൾ ബ്രാഹ്മണനായിരുന്നു പിന്നീട് എങ്ങനെ ദേവതാ, ക്ഷത്രിയൻ...... ആയി മാറി. ഇത് 84ന്റെ ചക്രമാണ്. ഇത് മുഴുവൻ സ്മൃതിയിൽ വെയ്ക്കണം. രചയിതാവിനെയും രചനയുടെയും ആദി, മധ്യ, അന്ത്യത്തെക്കുറിച്ച് അറിയണം, ഇത് വേറെ ആർക്കും അറിയുകയില്ല. നമ്മൾ വിശ്വത്തിന്റെ അധികാരിയായി മാറുന്നു, ഇതിൽ യാതൊരുതരത്തിലുമുള്ള ബുദ്ധിമുട്ടും ഇല്ല എന്ന് നിങ്ങൾ കുട്ടികൾ മനസ്സിലാക്കി. ഏതെങ്കിലും ആസനത്തിലിരിക്കൂ എന്നൊരിക്കലും പറയില്ല. ഹഠയോഗം പഠിപ്പിക്കുന്നതിങ്ങനെയാണെന്നുള്ള കാര്യമൊന്നും ചോദിക്കരുത്. ചിലരുടെ തല പോലും തകരാറിലാവുന്നു. ബാബ വളരെ സഹജമായി വരുമാനം ഉണ്ടാക്കി തരുന്നു. ഇത് 21 ജന്മത്തേയ്ക്കുള്ള സത്യമായ ശേഖരണമാണ്. കൈവെള്ളയിലാണ് നിങ്ങളുടെ സ്വർഗം. ബാബ കുട്ടികൾക്കുവേണ്ടി സ്വർഗത്തിന്റെ സമ്മാനം കൊണ്ടുവരുന്നു. ഇങ്ങനെ ഒരു മനുഷ്യനും പറയാൻ സാധിക്കില്ല. ബാബ തന്നെയാണ് പറയുന്നത്, ഇദ്ദേഹത്തിന്റെ ആത്മാവ് കേൾക്കുന്നു.അതിനാൽ കുട്ടികൾ അതിരാവിലെ എഴുന്നേറ്റ് ഇങ്ങനെയിങ്ങനെയുള്ള സങ്കൽപം ചെയ്യണം. ഭക്തജനങ്ങളും അതിരാവിലെ ഗുപ്തമായ മാല കറക്കുന്നു. അതിനെ ഗോമുഖമെന്ന് പറയുന്നു. അതിനകത്ത് കൈ ഇട്ട് മാല കറക്കുന്നു. രാമ-രാമ....വാദ്യം മുഴക്കുന്നത് പോലെ. വാസ്തവത്തിൽ ഗുപ്തം ഇതാണ്, ബാബയെ ഓർമ്മിക്കുക. ഇതിനെയാണ് അജപാജപമെന്ന് പറയുന്നത്. സന്തോഷമുണ്ടായിരിക്കണം, വളരെ അത്ഭുതകരമായ ഡ്രാമയാണ്. ഇത് പരിധിയില്ലാത്ത നാടകമാണ് ഇത് നിങ്ങളുടെയല്ലാതെ വേറെ ആരുടെ ബുദ്ധിയിലും ഇല്ല. നിങ്ങളിലും നമ്പർക്രമമനുസരിച്ചാണ്. വളരെ ഈസിയാണ്. നമ്മളെ ഇപ്പോൾ ഭഗവാനാണ് പഠിപ്പിക്കുന്നത്. കേവലം അദ്ദേഹത്തെ മാത്രം ഓർമ്മിക്കണം. അദ്ദേഹത്തിലൂടെയാണ് സമ്പത്തും ലഭിക്കുന്നത്. ഈ ബ്രഹ്മാബാബയാണെങ്കിൽ എല്ലാം വളരെ പെട്ടെന്ന് ഉപേക്ഷിച്ചു കാരണം ഇടയ്ക്ക് ബാബ പ്രവേശിച്ചല്ലോ. എല്ലാം ഈ മാതാക്കൾക്ക് അർപ്പിച്ചു. ബാബ പറഞ്ഞു ഇത്രയും വലിയ സ്ഥാപനയാണ് ചെയ്യുന്നത്, എല്ലാം ഈ സേവനത്തിന് ഉപയോഗിക്കൂ. ഒരു പൈസ പോലും ആർക്കും കൊടുക്കരുത്. ഇത്രയും നഷ്ടോമോഹയാവണം. വളരെ ഉയർന്ന ലക്ഷ്യമാണ്. മീര മോശമായ വികാരി കുലത്തിലെ മര്യാദകൾ ഉപേക്ഷിച്ചതിലൂടെ അവരുടെ പേര് പ്രശസ്തമായി. ഞങ്ങൾ വിവാഹം കഴിക്കുന്നില്ലായെന്ന് ഈ പെൺകുട്ടികളും പറഞ്ഞു. ലക്ഷാധിപതിയായിക്കോട്ടെ, എന്തു തന്നെ ആയിക്കോട്ടെ, ഞങ്ങൾ പരിധിയില്ലാത്ത ബാബയിൽ നിന്ന് സമ്പത്തെടുക്കും. അതുകൊണ്ട് ഇങ്ങനെയുള്ള ലഹരി കയറണം. പരിധിയില്ലാത്ത ബാബയിരുന്ന് കുട്ടികളെ അലങ്കരിക്കുന്നു. ഇതിൽ പൈസയുടെയൊന്നും ആവശ്യമില്ല. വിവാഹ ദിവസം വനവാസത്തിൽ ഇരുത്തുന്നു, പഴയ കീറിയ വസ്ത്രങ്ങൾ അണിയിക്കുന്നു. പിന്നീട് വിവാഹ ശേഷം പുതിയ വസ്ത്രം, ആഭരണം മുതലായവ അണിയിക്കുന്നു. ഈ ബാബ പറയുന്നു ഞാൻ നിങ്ങളെ ജ്ഞാനരത്നങ്ങളാൽ അലങ്കരിക്കുന്നു, പിന്നീട് നിങ്ങൾ ഈ ലക്ഷ്മീ നാരായണനായി മാറും. ഇങ്ങനെ വേറെ ആർക്കും പറയാൻ സാധിക്കില്ല.

ബാബ തന്നെയാണ് വന്ന് പവിത്ര പ്രവൃത്തി മാർഗത്തിന്റെ സ്ഥാപന ചെയ്യുന്നത് അതുകൊണ്ടാണ് വിഷ്ണുവിന് 4 കൈകൾ കാണിച്ചിരിക്കുന്നത്. ശങ്കറിന്റെ കൂടെ പാർവതി, ബ്രഹ്മാവിന്റെ കൂടെ സരസ്വതിയേയും കാണിച്ചിരിക്കുന്നു. ഇപ്പോൾ ബ്രഹ്മാവിന് ഭാര്യയൊന്നുമില്ല. ഇവർ ബാബയുടേതായതാണ്. എത്ര അത്ഭുതകരമായ കാര്യങ്ങളാണ്. മാതാവും പിതാവും ഇദ്ദേഹം തന്നെയാണല്ലോ. ഇദ്ദേഹം പ്രജാപിതാ ബ്രഹ്മാവുമാണ്, പിന്നീട് ഇദ്ദേഹത്തിലൂടെ ബാബ രചിക്കുമ്പോൾ മാതാവുമായി. സരസ്വതി ബ്രഹ്മാവിന്റെ പുത്രിയാണെന്ന് പാടുന്നുമുണ്ട്. ഈ എല്ലാ കാര്യങ്ങളും ബാബയിരുന്ന് മനസ്സിലാക്കി തരുന്നു. എങ്ങനെയാണോ ബാബ അതിരാവിലെ എഴുന്നേറ്റ് വിചാര സാഗര മഥനം ചെയ്യുന്നത്, കുട്ടികളും ഫോളോ ചെയ്യണം. നിങ്ങൾ കുട്ടികൾക്കറിയാം വിജയത്തിന്റെയും തോൽവിയുടെയും ഈ കളി ഉണ്ടാക്കപ്പെട്ടതാണ്, ഇത് കാണുമ്പോൾ സന്തോഷമുണ്ടാകണം, വെറുപ്പ് വരരുത്. നമ്മൾ ഇതെല്ലാം മനസ്സിലാക്കി, മുഴുവൻ ഡ്രാമയുടെയും ആദി, മധ്യ, അന്ത്യത്തെ കുറിച്ച് അറിഞ്ഞു കഴിഞ്ഞു പിന്നെ വെറുപ്പിന്റെ കാര്യം തന്നെയില്ല. നിങ്ങൾ കുട്ടികൾ പരിശ്രമിക്കുകയും വേണം. ഗൃഹസ്ഥ വ്യവഹാരത്തിലിരിക്കണം, പവിത്രമാകുന്നതിനുള്ള ദൃഢ സങ്കല്പവും എടുക്കണം. ഞങ്ങൾ ജോടികൾ ഒരുമിച്ചിരുന്ന് പവിത്ര ലോകത്തിന്റെ അധികാരിയായി മാറും. പിന്നീട് ചിലരാണെങ്കിൽ തോറ്റുപോകുന്നുമുണ്ട്. ബാബയുടെ കൈയ്യിൽ ഒരു ശാസ്ത്രവും

ഇല്ല. ഇത് ശിവബാബയാണ് പറയുന്നത് ഞാൻ ഈ ബ്രഹ്മാവിലൂടെ നിങ്ങൾക്ക് എല്ലാ വേദ-ശാസ്ത്രങ്ങളുടെയും സാരം കേൾപ്പിക്കുകയാണ്, കൃഷ്ണനല്ല. എത്ര വ്യത്യാസമാണ്. ശരി!

വളരെക്കാലത്തെ വേർപാടിനു ശേഷം തിരിച്ചു കിട്ടിയ മധുര മധുരമായ കുട്ടികളെ പ്രതി മാതാവും പിതാവുമായ ബാപ്ദാദയുടെ സ്നേഹസ്മരണയും പുലർകാല വന്ദനവും. ആത്മീയ അച്ഛന്റെ ആത്മീയ കുട്ടികൾക്ക് നമസ്കാരം.

## ധാരണയ്ക്കുള്ള മുഖ്യമായ സാരം

1. പഠിപ്പിൽ പൂർണ്ണ ശ്രദ്ധ നൽകണം. അച്ഛൻ, ടീച്ചർ, സദ്ഗുരുവിന്റെ നിന്ദ ഉണ്ടാവുന്ന തരത്തിൽ യാതൊരു കർമ്മവും ചെയ്യരുത്. മാനം നഷ്ടപ്പെടുന്ന രീതിയിലുള്ള ഒരു കർമ്മവും ചെയ്യരുത്.

2. വിചാര സാഗര മഥനം ചെയ്യുന്നതിന്റെ ശീലം ഉണ്ടാക്കണം. ബാബയിൽ നിന്ന് ഏത് ജ്ഞാനമാണോ ലഭിച്ചത് അതിനെ ഓർമ്മിച്ച് അപാര സന്തോഷത്തിലിരിക്കണം. ആരോടും വെറുപ്പ് ഉണ്ടാവരുത്.

## വരദാനം:- സമ്പൂർണ്ണതയുടെ പ്രകാശത്തിലൂടെ അജ്ഞാനത്തിന്റെ പർദ്ദ നീക്കുന്ന സെർച്ച് ലൈറ്റായി ഭവിക്കട്ടെ.

ഇപ്പോൾ പ്രത്യക്ഷതയുടെ സമയം സമീപത്ത് വന്നുകൊണ്ടിരിക്കുകയാണ്, അതിനാൽ അന്തർമുഖിയായി മാറി ഗുപ്തമായ അനുഭവങ്ങളുടെ രത്നങ്ങളാൽ സ്വയത്തെ നിറവുള്ളതാക്കൂ, അങ്ങനെയുള്ള സെർച്ച് ലൈറ്റായി മാറൂ, താങ്കളുടെ സമ്പൂർണ്ണതയുടെ പ്രകാശത്തിലൂടെ അജ്ഞാനത്തിന്റെ പർദ്ദ നീങ്ങട്ടെ എന്തുകൊണ്ടെന്നാൽ താങ്കൾ ഭൂമിയിലെ നക്ഷത്രങ്ങൾ ഈ വിശ്വത്തെ അലച്ചിലിൽ നിന്ന് രക്ഷപ്പെടുത്തി സുഖമയമായ ലോകം, സ്വർണ്ണിമലോകം നിർമ്മിക്കുന്നവരാണ്. താങ്കൾ പുരുഷോത്തമ ആത്മാക്കൾ വിശ്വത്തിന് സുഖ-ശാന്തിയുടെ ശ്വാസം നൽകുന്നതിന് നിമിത്തമാണ്.

## സ്ലോഗൻ:- മായയുടെയും പ്രകൃതിയുടെയും ആകർഷണത്തിൽ നിന്ന് അകലം പാലിക്കൂ എങ്കിൽ സദാ ഹർഷിതരായിരിക്കാം.

**തന്റെ ശക്തിശാലി മനസ്സിലൂടെ സകാശ് കൊടുക്കുന്നതിന്റെ സേവനം ചെയ്യൂ.**

മനസ്സിൽ സദാ ശുഭഭാവനയും ശുഭ ആശീർവാദങ്ങളും കൊടുക്കുന്നതിന്റെ അഭ്യാസം ഉണ്ടെങ്കിൽ മനസാ താങ്കൾ ബിസിയായിരിക്കും. മനസ്സിലുള്ള അലച്ചിലുകൾ സ്വതവേ തന്നെ അരികിലേക്ക് മാറും. തന്റെ പുരുഷാർത്ഥത്തിൽ എപ്പോഴെങ്കിലും നിരാശയുണ്ടാവുക സംഭവ്യമല്ല. മാന്ത്രിക മന്ത്രം പോലെയാകും.